**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിലും അതി തീവ്രമഴയിലും സംഭവിച്ച കൃഷി നാശംമൂലം കർഷക സമൂഹം പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ചചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവുമെല്ലാം വലിയ ദുരന്തങ്ങൾ വിതയ്ക്കുന്ന കാലമാണിത്. ഇതിന്റെഫലമായി ലോകമെമ്പാടും പ്രതിസന്ധികൾ വ്യാപിക്കുന്നുവെന്നത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന ഏതൊരു മാറ്റവും ആദ്യം പ്രതിഫലിക്കുന്നത് കാർഷിക മേഖലയിലാണ്. കാരണം, ലോകമെമ്പാടുമുള്ള കാലാവസ്ഥയെ ആശ്രയിച്ചാണ് കൃഷി നടക്കുന്നത്. ഈ

സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ അവരുടെ സംസാരമദ്ധ്യേ നിരവധി തവണ Intergovernmental Panel on Climate Change-ന്റെ റിപ്പോർട്ടിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആഗോളതാപനം അവസാനിച്ചുവെന്നും ആഗോളതിളയ്ക്കൽ വന്നെത്തിയെന്നുമാണ് ശാസ്ത്രസമൂഹവും യു.എൻ.-ന്റെ ഉയർന്ന നേതൃനിരയുമെല്ലാം പറയുന്നത്. അതീവ ഗൗരവകരമായ സാഹചര്യമാണ് ഈ പ്രതിഭാസങ്ങൾ ലോകത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയും ഇതിന്റെ പിടിയിലാണെന്നത് നമ്മുടെ അനുഭവമാണ്. 2018-ലെ മഹാപ്രളയവും 2019-ലെ പ്രകൃതിദുരന്തങ്ങളും ഓഖി, ടൗട്ടേ ചുഴലിക്കാറ്റുകളുമെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണ്. കാലാവസ്ഥാവ്യതിയാനം കാർഷിക മേഖലയിൽ തീർത്ത ദുരിതങ്ങളെ അതീവ ഗൗരവത്തോടെയാണ് സംസ്ഥാന സർക്കാർ കാണുന്നത്. 2024 ഫെബ്രുവരി മാസം മുതൽ മേയ് വരെയുണ്ടായ കടുത്ത വരൾച്ച, ഉഷ്ണതരംഗം തുടർന്നുണ്ടായ അതിതീവ്രമഴ എന്നിവയെല്ലാം കാർഷിക മേഖലയിൽ വ്യാപകമായ നാശം വിതച്ചു. കൃഷിനാശം, ഉല്പാദനക്കുറവ് എന്നിവ സംഭവിക്കുമ്പോൾ അതൊക്കെ കർഷകന്റെ വരുമാനത്തിൽത്തന്നെയാണ് പ്രതിഫലിക്കുന്നത്. വരൾച്ച

കെടുതികളും മറ്റും ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സംസ്ഥാന സർക്കാർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും നാശനഷ്ടങ്ങൾ നേരിട്ട് പരിശോധിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാർ, ബ്ലോക്കുതല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവ്വകലാശാല പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു വിദഗ്ധ സംഘത്തെ രൂപീകരിക്കുകയും ഈ സംഘം ജില്ലകൾതോറുമുള്ള വരൾച്ച ബാധിത കൃഷിയിടങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രമായ പഠന റിപ്പോർട്ടും ശിപാർശകളും സർക്കാരിന്റെ പരിഗണനയിലാണ്. വരൾച്ചമൂലമുണ്ടായ വ്യാപകമായ കൃഷിനാശം വിലയിരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ മാസം മൂന്നാം തീയതി ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എസ്.ഡി.എം.എ. ഫണ്ടിൽനിന്നും ആവശ്യമായ തുക അനുവദിക്കുന്നതിനും ഏലത്തിന്റെ റീപ്ലാന്റിംഗിനും മറ്റുമായി 10 കോടി രൂപ

അടിയന്തരസഹായം ലഭ്യമാക്കുന്നതിനുമാണ് എൻ.ഡി.ആർ.എഫ്.-ൽ പ്രൊപ്പോസൽ നൽകിയത്. റീപ്ലാന്റിംഗിനും ജലസേചനത്തിനുമാവശ്യമായ പണം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും സ്പൈസസ് ബോർഡിന്റെ മുമ്പാകെ നൽകിയിട്ടുണ്ട്. അതോടൊപ്പം ബാങ്കുകളിൽനിന്നും കർഷകരെടുത്തിരിക്കുന്ന ലോണുകൾക്ക് പലിശയിളവ് വരുത്തുക, മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോൾ പലിശയിൽ കുറവുവരുന്നില്ലെന്നതുകൊണ്ട് മൊറട്ടോറിയവും പലിശ ഇളവുകളും വരുത്തുന്നതിനെക്കുറിച്ചും ബാങ്കുകളുമായി സംസാരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുമുണ്ട്. 46587 ഹെക്ടർ കൃഷിക്ക് നാശനഷ്ടം സംഭവിച്ചതിലൂടെ കർഷകർക്ക് വൻതോതിൽ നഷ്ടമുണ്ടായെന്ന് തന്നെയാണ് സർക്കാർ കണക്കാക്കിയിരിക്കുന്നത്. ഇത് വരൾച്ചയുമായി ബന്ധപ്പെട്ടതാണെങ്കിൽ മേയ് മാസം അവസാനം മുതൽ സംസ്ഥാനത്തുണ്ടായ അതിതീവ്ര മഴയിലുണ്ടായ നഷ്ടം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 3125 ഹെക്ടർ കൃഷിനാശമുണ്ടാവുകയും 50273 കർഷകരെ അത് ബാധിക്കുകയും ചെയ്തതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമിക

വിവര കണക്കുപ്രകാരം നെൽക്കൃഷിയുടെ കാര്യത്തിൽ 155.9 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായും ഉല്പാദനത്തിൽ കുറവുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തര പരിഹാര പദ്ധതി മുഖേനയാണ് വിള നാശത്തിനുള്ള നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നത്. നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയെ ഏർപ്പെടുത്തുകയും ടി പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിനായി നടപ്പുസാമ്പത്തിക വർഷം 750 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നെൽകൃഷി വികസന പദ്ധതി, ജനകീയ ആസൂത്രണത്തിലൂടെ ത്രിതല പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ നെൽകൃഷി പദ്ധതികൾ എന്നിവയിലൂടെ കർഷകർക്ക് ഗുണമേന്മയും അത്യുല്പാദനശേഷിയുമുള്ള നെൽവിത്തുകൾ, കുമ്മായ വസ്തുക്കൾ, ഒഴവുകൂലി എന്നിവയുടെ ആനുകൂല്യങ്ങൾ നൽകുന്നതിലൂടെ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനവും നിലനിർത്താൻ കൃഷി വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾ വകകൊള്ളിക്കുന്ന തുകയ്ക്കുപുറമെ

95.1 കോടി രൂപയാണ് 2024-25 സാമ്പത്തികവർഷം നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് വകയിരുത്തിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ 269.41 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം 45.79 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ചതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. നാളികേര കൃഷിയുമായി ബന്ധപ്പെട്ട് 232 കേരഗ്രാമങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 54 കേരഗ്രാമങ്ങൾക്കുകൂടി തുടക്കം കുറിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി 202.1 കോടി രൂപ ചെലവിൽ 33486 ഹെക്ടറിൽ നാളികേര കൃഷി പ്രോത്സാഹിപ്പിക്കാനായി. നമ്മുടെ നാളികേര ഉല്പാദനക്ഷമത ഹെക്ടറിന് 10739 എന്ന നിലയിലേയ്ക്ക് എത്തിയിട്ടുണ്ടെന്നാണ് കേരഗ്രാമങ്ങൾ നടപ്പിലാക്കുന്ന ഇടങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പഠനം കാണിക്കുന്നത്. കേരഗ്രാമങ്ങളിൽക്കൂടി 54 ശതമാനത്തിന്റെ വർദ്ധനവുണ്ടെന്നാണ് ഈ പഠനം വ്യക്തമാക്കുന്നത്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടാകുമ്പോൾ

കൃഷിക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളോടൊപ്പംതന്നെ ഇൻഷ്വറൻസിന്റെ കാര്യത്തിൽ പ്രത്യേകമായ പരിഗണന നൽകേണ്ടതുണ്ടെന്നാണ് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് എന്നതിനെ പുനഃസംഘടിപ്പിച്ച് കേരളത്തിൽ നടപ്പാക്കുകയാണ്. കർഷകരുടെ പ്രീമിയം കഴിഞ്ഞുള്ള ബാക്കി പണം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തുല്യമായി വഹിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. 27 ഇനങ്ങൾക്കായി ഇപ്പോൾ ആ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. നേരത്തേ എല്ലാ ജില്ലകളിലും ആ പദ്ധതി നടപ്പിലാക്കാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ കേരളത്തിലെ 14 ജില്ലകളിലും കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി യാഥാർത്ഥ്യമാക്കുകയും ആയത് നടപ്പിലാക്കി തുടങ്ങിയിട്ടുമുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റംമൂലം ഉല്പാദാനത്തിൽ കുറവുവന്നാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇതിനാവശ്യമായ weather station-നുകൾ സ്ഥാപിച്ചുകൊണ്ടാണ് കാലാവസ്ഥയിലെ മാറ്റങ്ങൾ രേഖപ്പെടുത്തികൊണ്ടിരിക്കുന്നത്. ഫലപ്രദമായി

അത് നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ വിവിധ തരത്തിലുള്ള പ്രീമിയങ്ങളാണുള്ളത്. ഹെക്ടറിന് 1200 രൂപ മുതൽ 1600 രൂപ വരെ പ്രീമിയം അടയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ നെൽകൃഷിയുടെ കാര്യത്തിൽത്തന്നെ ഏകദേശം എൺപതിനായിരം രൂപയോളം നഷ്ടപരിഹാരമായി ലഭിക്കുന്നുണ്ട്. കൃഷിക്ക് നാശനഷ്ടമുണ്ടാകുന്ന സാഹചര്യങ്ങളിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കൃഷിനാശത്തിന് അപേക്ഷ സമർപ്പിക്കുന്ന കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്, പാലക്കാട്, തൃശ്ശൂർ, കോൾനിലങ്ങൾ തുടങ്ങിയവയിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ കാര്യവും ഇതേരീതിയിൽ കണക്കുകൂട്ടി അതിനാവശ്യമായ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളുണ്ടാകുന്നതിന്റെ ഭാഗമായി കർഷകരെ പരാമാവധി സഹായിക്കുന്ന നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ആയതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് അറിയിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ ഈയിടെയുണ്ടായ കടുത്ത വരൾച്ചയും തുടർന്നുണ്ടായ കനത്ത മഴയും കാരണം കേരളത്തിലെ കർഷകർക്കുണ്ടായ നഷ്ടം ചെറുതല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇത്തരം കാലാവസ്ഥാ വ്യതിയാനത്തിലൂടെ കർഷകർക്കുണ്ടായ നാശനഷ്ടം കണക്കാക്കാൻ സാധിക്കുന്നതല്ല. സർക്കാർ കണക്കാക്കിയതിനേക്കാൾ അപ്പുറമാണ് അവർക്കുണ്ടായിട്ടുള്ള നഷ്ടം. അതുകൊണ്ടുതന്നെ ഇത് കർഷകരുടെ മാത്രം പ്രശ്നമെന്നതിലുപരി കേരളത്തിന്റെ പൊതുവായൊരു വിഷയമായി കാണേണ്ടതുണ്ട്. 'കേരളത്തിന്റെ പൊതുവായൊരു വിഷയം' എന്ന പരിഗണന നൽകി ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്. കർഷകർ തുടർച്ചയായി ഇതുപോലുള്ള പല പ്രയാസങ്ങളും നേരിടേണ്ടി വരുന്നുവെന്നതാണ് കേരളത്തിന്റെ അവസ്ഥ. പത്തുവർഷക്കാലത്തിനുള്ളിൽ കേരളത്തിലുണ്ടായ കടുത്ത വരൾച്ചയെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. അതിനുശേഷം പ്രളയങ്ങളുടെ കുമ്പാരമായിരുന്നു. ഇത്തരം പ്രതിസന്ധികളുണ്ടാകുമ്പോൾ നാശനഷ്ടം സംഭവിക്കുന്ന കർഷകർക്ക് അതിനുതകുന്ന രീതിയിലുള്ള നഷ്ടപരിഹാരം

നൽകുന്നതിനോ മറ്റ് പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്താനോ സർക്കാരിന് സാധിക്കുന്നതില്ലെന്നത് ഒരു വസ്തുതയാണ്. വളരെ നേരിയ ചില ആനുകൂല്യങ്ങൾ നൽകിയതുകൊണ്ട് കർഷകർക്ക് ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ കഴിയില്ലെന്നതാണ് വസ്തുത. ഇക്കഴിഞ്ഞ വരൾച്ചയിൽ കേരളത്തിൽ പ്രത്യക്ഷമായി 257.12 കോടി രൂപയുടെയും പരോക്ഷമായി 118.9 കോടി രൂപയുടെയും കൃഷിനാശമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയത്. അങ്ങനെ ആകെ 375.81 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. കരിഞ്ഞ നെല്ല്, അതുപോലെയുള്ള മറ്റ് വിളകൾ, തെങ്ങ്, കവുങ്ങ് എന്നിവ ഉണങ്ങി നശിച്ചതിന്റെ കണക്കെടുക്കാൻ സാധിക്കും. ഒരു തെങ്ങിൽനിന്നും വാടിവീഴുന്ന തേങ്ങാക്കുലകളുടെ എണ്ണം, പൂക്കുല കരിഞ്ഞ് കൊഴിഞ്ഞുവീഴുന്ന മച്ചിങ്ങയുടെ എണ്ണം ഇവയൊക്കെ ഏത് ഉദ്യോഗസ്ഥനാണ് കണക്കാക്കുന്നത്. അതുകൊണ്ട് ഈ നഷ്ടം ഇവിടെ സൂചിപ്പിച്ചതിനേക്കാളൊക്കെ വളരെ കൂടുതലാണ്. കർഷകന്റെ യാഥാർത്ഥമായ നഷ്ടങ്ങൾ മനസ്സിലാക്കാൻ ഉദ്യോഗസ്ഥർക്കുപോലും കഴിയുന്നില്ലെന്നതാണ് വസ്തുത. ഈ പ്രയാസങ്ങൾ അനുഭവിക്കുന്നതിനിടയിലാണ് മഴക്കെടുതികൂടി കടന്നുവന്നതെന്ന്

എല്ലാവർക്കും അറിയാവുന്നതാണ്. മഴക്കെടുതിയിലൂടെ കേരളത്തിൽ 160.044 കോടി രൂപയുടെ നഷ്ടമുണ്ടായി. ഇതുകൂടി കണക്കുകൂട്ടുമ്പോൾ 535.85 കോടി രൂപയുടെ നഷ്ടം കേരളത്തിലെ കർഷകർക്ക് ഈയിടെ മാത്രമുണ്ടായി. ഇത് ആദ്യമായി സംഭവിച്ചൊരു സംഗതിയല്ല. വർഷങ്ങളായി തുടർന്നു വരുന്ന കാര്യമാണെന്നാണ് മനസ്സിലാക്കേണ്ടത്. ഈയൊരു സാഹചര്യത്തിൽ കർഷകനെ രക്ഷിക്കാൻ എന്തുമാർഗ്ഗമാണ് സർക്കാർ സ്വീകരിക്കുന്നത്. വിളനാശം സംഭവിച്ച യഥാർത്ഥ കർഷകരുടെ കണക്ക് കണ്ടെത്താൻപോലും സർക്കാരിന് കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല,  കൃഷി നശിച്ചതായി കണ്ടെത്തിയ കർഷകരെ സഹായിക്കുന്ന രീതിയിലുള്ള നടപടി സ്വീകരിക്കാനും കഴിയുന്നില്ലെന്നതാണ് വസ്തുത. കടുത്ത വരൾച്ചയിൽ ജലസേചന സ്രോതസ്സുകളെല്ലാം വറ്റിവരണ്ടു. കേരളത്തിലെ മിക്ക കാർഷികയിനങ്ങളും തകർന്നു. ഒന്നുകിൽ ഉണങ്ങുകയോ വാടിപ്പോകുകയോ അല്ലെങ്കിൽ ഉൽപ്പാദനമില്ലാത്ത സാഹചര്യത്തിലേയ്ക്ക് വിളകൾ വന്നിരിക്കുകയാണ്. ഇതെല്ലാം പരിശോധിച്ച് ആയതിന്റെ നഷ്ടം കൃത്യമായി നിശ്ചയിക്കേണ്ടതായുണ്ട്. നെല്ല്, വാഴ, പച്ചക്കറികൾ, കുരുമുളക്, വെറ്റില,

കാപ്പി, കൊക്കോ തുടങ്ങിയ കാർഷികയിനങ്ങൾക്ക് മറ്റ് വിളകളെക്കാൾ കൂടുതൽ നഷ്ടമുണ്ടായി. തെങ്ങ്, കവുങ്ങ്, റബ്ബർ എന്നിവയ്ക്കൊക്കെ നാശനഷ്ടമുണ്ടായി. ചൂട് കൂടിയതിനാൽ റബ്ബറിന്റെ ഉൽപ്പാദനം കുറഞ്ഞിരിക്കുകയാണ്. അതിനിടയിൽ മഴക്കെടുതികൂടി വന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന പാലുപോലും ഊറ്റിയെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇങ്ങനെ ഓരോ വിളകളും നഷ്ടത്തിലേയ്ക്ക് പോവുകയാണ്. 'മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങവീണു' എന്നൊരു ചൊല്ലുണ്ട്. അതുകൊണ്ട് പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കർഷകസമൂഹത്തിന് വീണ്ടും ദുരിതങ്ങൾ തന്നെ വന്നുഭവിക്കുന്നൊരു സാഹചര്യമാണ് കേരളത്തിലുള്ളത്. കേരളത്തിൽനിന്ന് കയറ്റുമതി ചെയ്യുന്ന നാണ്യവിളകളായിട്ടുപോലും ഏലം, കുരുമുളക്, കാപ്പി എന്നിവയ്ക്ക് സർക്കാർ കാര്യമാത്ര പ്രസക്തമായി ഇടപെടാൻ തയ്യാറാകുന്നില്ലെന്നത് ഖേദകരമാണ്. ഈ കൊടുംചൂടിൽ കന്നുകാലികൾ, താറാവ്, കോഴി തുടങ്ങിയവ ക്രമാതീതമായി ചത്തൊടുങ്ങുകയാണ്. താറാവിന് പിടിപെട്ടിരിക്കുന്ന രോഗത്തിന്റെ തീവ്രത വർദ്ധിപ്പിക്കാൻ ഈ കടുത്ത വരൾച്ച

കാരണമായെന്നാണ് പറയുന്നത്. ആലപ്പുഴ ജില്ലയിലൊക്കെ വൻതോതിൽ താറാവുകളെ കൊന്നൊടുക്കുന്ന സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ മറുപടിയിൽ അക്കാര്യങ്ങളൊക്കെ സൂചിപ്പിച്ചതാണ്. എന്നാൽ, രോഗത്തിന്റെ തീവ്രത കൂടാൻ കാരണം കടുത്തചൂടാണെന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കി കർഷകരെ സഹായിക്കാനുള്ള സംവിധാനങ്ങളാണ് സർക്കാർ ഒരുക്കേണ്ടത്. കേരളത്തിൽ കർഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളൊക്കെ ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. ഇത്തരം പദ്ധതികൾ കൃത്യമായി നടപ്പിലാക്കി അതിലൂടെ കർഷകരെ സഹായിക്കാൻ സർക്കാരിന് സാധിക്കുന്നില്ലെന്ന വസ്തുതകൂടി മനസ്സിലാക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങൾ, രോഗങ്ങൾ, വിലക്കുറവ്, ഉൽപ്പാദന ക്ഷമതയിൽ വന്ന കുറവ്, കൃഷി ഭൂമിയുടെ വിസ്തൃതി ചുരുങ്ങൽ, സർക്കാരിന്റെ ശരിയായ ഇടപെടാലില്ലായ്മ, സംഭരണം നിലച്ചുപോയത്, സംഭരിച്ച വിളകളുടെ വില നൽകാൻ സാധിക്കാത്തത്, വലിയ വാഗ്ദാനങ്ങൾ നൽകി കർഷകരെ പ്രലോഭിപ്പിച്ച് വഞ്ചിക്കുന്ന അവസ്ഥ ഇതെല്ലാം കൂടിച്ചേർത്ത് കർഷകനെ ഇല്ലായ്മ

ചെയ്യുകയാണ് ഈ സർക്കാർ ചെയ്യുന്നത്. ഈ രീതിയിൽ കർഷക വിഭാഗത്തെ ചവിട്ടിതേയ്ക്കണോ? കർഷകരുടെ യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിയാൻ ഭരണകൂടം തയ്യാറാകുന്നില്ലെന്നതാണ് എന്റെ പ്രമേയത്തിലെ പ്രധാനപ്പെട്ട വിഷയം. കർഷകർ നേരിടുന്ന പ്രതിസന്ധിയെപ്പറ്റി മനസ്സിലാക്കാൻ സർക്കാർ തയ്യാറാകേണ്ടതുണ്ട്. കഴിഞ്ഞ ഡിസംബറിൽ, അവസാന സീസണിൽ സംഭരിച്ച നെല്ലിന്റെ വില നൽകാൻ ഇനിയും ബാക്കിയാണ്. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുക്കുന്നതിന് കേന്ദ്ര സർക്കാർ വിഹിതം നൽകുന്നില്ലെന്നാണ് പറയുന്നത്. എന്നാൽ, കഴിഞ്ഞ ബജറ്റിലൂടെ ഇതിനായി സർക്കാർ പ്രഖ്യാപിച്ച എത്ര തുകയിൽ എത്ര രൂപയാണ് കർഷകർക്ക് നൽകിയതെന്ന കണക്ക് പറയാൻ തയ്യാറാകണം. അതുപോലും നൽകാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. കഴിഞ്ഞ സെപ്റ്റംബറിൽ സംഭരിച്ച നാളികേരത്തിന്റെ കേന്ദ്ര സർക്കാർ വിഹിതം എല്ലായിടത്തും നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന് കുറ്റം പറയുന്നവർ സംസ്ഥാന വിഹിതം നൽകാതെ ബാക്കി നിർത്തിയിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പോരായ്മകൾ ഒട്ടനവധിയുണ്ടെന്ന് എല്ലാവർക്കും അറിയാവുന്ന

കാര്യമാണ്. സംസ്ഥാന സർക്കാരിനെപ്പോലെ കർഷക വിരുദ്ധ സമീപനവുമായാണ് കേന്ദ്ര സർക്കാരും മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ അത്തരം സമീപനങ്ങളൊന്നും നിഷേധിക്കാൻ ഞങ്ങൾ തയ്യാറല്ല. സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിക്കുന്നുണ്ടോയെന്നത് നാം ഓരോരുത്തരും തിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ട്, സെപ്റ്റംബറിൽ സംഭരിച്ച നാളികേരത്തിന്റെ സംസ്ഥാനവിഹിതം നൽകാൻ സാധിച്ചിട്ടില്ലെന്നത് വസ്തുതയായി നിലനിൽക്കുകയാണ്. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ എഴുതി നൽകുന്നിടത്തെല്ലാം സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞതാണ്. എവിടെയൊക്കെയാണ് സംഭരണകേന്ദ്രം വേണ്ടത് അവിടെയൊക്കെ പ്രഖ്യാപിക്കാൻ തയ്യാറായെന്നാണ് അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്റെ നിയോജകമണ്ഡലത്തിൽ ആവശ്യമുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പിറ്റേദിവസം തന്നെ മന്ത്രിക്ക് കത്ത് നൽകുകയും നാളെത്തന്നെ തുടങ്ങുമെന്ന് പറഞ്ഞതല്ലാതെ ആറ് മാസങ്ങൾ കഴിഞ്ഞിട്ടും

നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മാത്രമല്ല, നിലവിലുണ്ടായിരുന്ന കേന്ദ്രങ്ങളിലെ സംഭരണംപോലും നിലയ്ക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. അവിടെനിന്നും പണം ലഭിക്കാനുള്ളതിന്റെ കണക്കാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചത്. ഈ രീതിയിലാണ് കേരളത്തിലെ കാർഷിക മേഖലയിലെ കാര്യങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. സർക്കാർ കർഷകർക്ക് നൽകുന്ന നേരിയ സഹായങ്ങൾ എസ്.ഡി.ആർ.എഫ്., സ്റ്റേറ്റ് ഇൻഷ്വറൻസ്, സെൻട്രൽ ഇൻഷ്വറൻസ്, കേന്ദ്ര സഹായങ്ങൾ എന്നിവയൊക്കെയാണ്. എന്നാൽ കർഷകർക്ക് നൽകിന്ന ഈ ആനുകൂല്യങ്ങളുടെ നിലവിലെ സ്ഥിതിയെന്താണ്; ഇവയെല്ലാം കൃത്യമായി കൊടുത്തുതീർത്തോ? കേരളത്തിൽ ഇവയെല്ലാം ബാക്കി നിൽക്കുകയാണ്. 33.14 കോടി രൂപ വിള ഇൻഷ്വറൻസ് കൊടുത്തു തീർക്കേണ്ടതിൽ നേരിയ തുക മാത്രമാണ് നൽകിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ 30 കോടി രൂപ ഇനിയും കൊടുക്കാൻ ബാക്കി നിൽക്കുകയാണ്. 2021-ലുണ്ടായ കനത്ത പ്രളയത്തിൽ നാശനഷ്ടമുണ്ടായ കർഷകർക്ക് ഇനിയും നഷ്ടപരിഹാരത്തുക നൽകാനുണ്ടെന്നത് ഒരു വസ്തുതയാണ്. കേരളത്തിൽ

പുതിയ വിത്തിനങ്ങളൊക്കെ നൽകുന്നുണ്ട്. ഈയവസരത്തിൽ കർഷകരുടെ ഭാഗത്തുനിന്നുള്ള ഒരഭിപ്രായംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ പുതിയ വിത്തിനങ്ങൾക്ക് സാധിക്കുന്നില്ലെന്ന അഭിപ്രായമുള്ള ഒരു വിഭാഗം കർഷകരുണ്ട്. പഴയ വിത്തുകൾ, അതായത്, ഒരു നാളികേര വിത്ത് പാകി അതിൽനിന്നും കായ്ഫലം ലഭിക്കണമെങ്കിൽ എട്ട് വർഷം കഴിയണം. എന്നുമാത്രമല്ല, ആ തെങ്ങ് ദീർഘകാലം കായ്ഫലത്തോടുകൂടി നിൽക്കുമായിരുന്നു. മൂന്ന് വർഷംകൊണ്ട് കായ്ഫലം തരുന്ന തെങ്ങുകളുമുണ്ട്. എന്നാൽ കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ഇത്തരം തെങ്ങുകൾക്കാണ് നാശനഷ്ടം സംഭവിക്കുന്നതെന്നാണ് കർഷകർ പറയുന്നത്. ഇത്തരം കാര്യങ്ങൾ കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. തിരുവനന്തപുരത്ത് സമീപകാലത്ത് കർഷകർക്കുനൽകിയ നെൽ വിത്ത് പതിനാല് ദിവസങ്ങൾ കഴിഞ്ഞിട്ടും മുളച്ചില്ലെന്ന വസ്തുത കഴിഞ്ഞ ആഴ്ച മാധ്യമം പത്രമാണ് റിപ്പോർട്ട് ചെയ്തത്. അപ്പോൾ സർക്കാർ നൽകുന്ന വിത്തിനങ്ങൾപോലും കർഷകർക്ക് ഫലപ്രദമായി പ്രയേജനപ്പെടുന്നില്ലെന്ന വസ്തുതകൂടി കാണേണ്ടതുണ്ട്. ഈ

നിലയ്ക്ക് കർഷകർക്ക് നൽകുന്ന സഹായങ്ങൾപോലും അവർക്ക് ദുരിതമായി മാറുകയാണ്. ഈയൊരു സാഹചര്യത്തിലാണ് കേരളത്തിലുണ്ടാകുന്ന നാശനഷ്ടങ്ങളെ സർക്കാർ കാണേണ്ടത്. അതിനെതിരെ അക്ഷരാർത്ഥത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിച്ചശേഷമായിരിക്കണം ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത്. കർഷകർക്ക് സഹായം വാഗ്ദാനം ചെയ്ത് കബളിപ്പിക്കരുത്; അവർക്ക് കൃത്യമായി സഹായം നൽകാൻ സാധിക്കണം. 1995-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചത്.  പിന്നീട് 2017-ൽ പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ നേരിയ വർദ്ധനവുണ്ടായെന്ന കാര്യം അംഗീകരിക്കുന്നു. എന്നാൽ 2017-ൽ ഒരു കർഷകത്തൊഴിലാളിയുടെ കൂലി 600 രൂപയായിരുന്നുവെങ്കിൽ ഇന്നത് 900 രൂപയായി മാറിയിരിക്കുകയാണ്. കർഷകന് ഉൽപ്പാദനചെലവുപോലും ലഭിക്കാത്ത അല്ലെങ്കിൽ അക്കാര്യങ്ങൾ തിരിഞ്ഞുപോലും നോക്കാത്ത സർക്കാരാണിത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.. കൺക്ലൂഡ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇവിടെ ഇത്തരം കാര്യങ്ങൾ പറയുമ്പോൾ ഏറ്റവും കൂടിയ വിലയ്ക്ക് നാളികേരവും നെല്ലുമൊക്കെ സംഭരിക്കുന്നത് സംസ്ഥാന സർക്കാരാണെന്നാണ് പറയുന്നത്. എന്നാൽ ഈ നെല്ലിനും നാളികേരത്തിനും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി ഈ സർക്കാർ കൊടുക്കുന്ന വിലയും കേരളത്തിലെ കർഷകന്റെ ഉൽപ്പാദനച്ചെലവുമായി താരതമ്യം ചെയ്തുനോക്കാൻ അത്യാവശ്യം കണക്കറിയാവുന്ന മന്ത്രിമാരുണ്ടല്ലോ അവിടെ; ഒന്ന് കണക്കുകൂട്ടിനോക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. കർഷകരെ ചവിട്ടിത്തേയ്ക്കുന്ന ഈ നയത്തിനെതിരായി ഈ വിഷയം ചർച്ചയ്ക്കെടുക്കാൻ തയ്യാറാകണമെന്ന് ഒരിക്കൽകൂടി ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും പ്രശ്നങ്ങളെക്കുറിച്ച് നേരത്തെതന്നെ പറഞ്ഞതാണ്. സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ അതുണ്ടാക്കുന്ന പ്രതിസന്ധികളും പ്രയാസങ്ങളും വളരെ വലുതാണ്. അതിന്റെ

തീവ്രത ഏറ്റവും കൂടുതൽ ബോധ്യപ്പെടുത്തുന്ന പ്രത്യക്ഷ അനുഭവമാണ് ഈ വർഷം നേരിട്ട ഉഷ്ണതരംഗവും അതിതീവ്ര മഴയും. ഇത്തരം സാഹചര്യത്തെ നേരിടാനുള്ള പ്രത്യേക രീതികൾ കാർഷിക മേഖലയിൽ അത്യന്താപേക്ഷിതമാണെന്ന കാര്യത്തിൽ തർക്കമെന്നുമില്ല. ഉൽപ്പാദന നഷ്ടം നികത്തുന്നതിനായി കർഷകന് സഹായം നൽകുന്നതിനോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തെ സമർത്ഥമായി നേരിടാൻ സാധിക്കുന്ന കാർഷിക മുറകൾ, ഉൽപ്പാദനോപാധികൾ എന്നിവ വികസിപ്പിക്കുന്നതിന് ഈ സർക്കാർ പ്രാമുഖ്യം നൽകുന്നുണ്ട്. 2024 ജനുവരി ഒന്നുമുതൽ ഫെബ്രുവരി 29 വരെയുള്ള രണ്ട് മാസങ്ങൾ ഇന്ത്യ മെറ്റിയറോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കണക്ക് പ്രകാരം 183 ശതമാനം അധിക മഴയാണ് കേരളത്തിലുണ്ടായതെന്നാണ്. ഇതെല്ലാം കേരളത്തിലെ കാലാവസ്ഥയിലുണ്ടായ ഇത്തരം മാറ്റങ്ങൾ കാർഷിക മേഖലയിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഗവൺമെന്റ് ഇതിനെ ഗൗരവതരമായി കാണുന്നുവെന്ന് വെറുതെ ഭംഗിവാക്ക് പറഞ്ഞതല്ല. ഇതിനുവേണ്ടിയാണ് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഈ വർഷം

മുതൽ നടപ്പിലാക്കുന്ന കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതിയെന്ന കാര്യം നാം മറക്കരുത്. 'കേര' എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് കാലാവസ്ഥയുമായുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗമായി സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ്. വേൾഡ് ബാങ്കുമായി നിരന്തരം നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് നിലവിലെ വിനിമയ നിരക്ക് നോക്കിയാൽ 2375 കോടി രൂപയുടെ പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ഒന്നുകൂടി അറിഞ്ഞിരിക്കുന്നത് നല്ലതായിരിക്കും. പ്രാദേശിക സാമ്പത്തിക വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന ഈ പദ്ധതി തെങ്ങ്, നെല്ല് എന്നീ വിളകളുടെ വികസനത്തോടൊപ്പ തോട്ടവിളകളായ റബ്ബർ, കാപ്പി, ഏലം എന്നിവയേയും ലക്ഷ്യമിടുന്നു. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ ഈ സർക്കാർ ഗൗനിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നില്ലെന്ന് രാഷ്ട്രീയമായ രീതിയിൽ ഭരണ-പ്രതിപക്ഷമെന്ന നിലയിൽ സംസാരിക്കാമെങ്കിലും ചെയ്യുന്ന കാര്യങ്ങളെ മറന്നുകൊണ്ടുള്ള വർത്തമാനങ്ങളിലേയ്ക്ക് പോകുന്നത് നല്ലതല്ലെന്ന്

സൂചിപ്പിക്കുകയാണ്. ഹെക്ടറിന് 25,670 രൂപ ആനുകൂല്യം നൽകിയാണ് തെങ്ങ് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വർഷം മുതൽ നടപ്പാക്കുന്ന പദ്ധതിയാണിത്. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ഭാഗമായാണ് ഇതുമായി ബന്ധപ്പെട്ട് കുറച്ച് ബുദ്ധിമുട്ട് നേരിടേണ്ടിവന്നത്. ഇക്കാര്യത്തിൽ നേരത്തെ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിരുന്നു. ഇക്കൊല്ലത്തെ സംസ്ഥാന ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക നീക്കി വയ്ക്കുകയും ചെയ്തിരുന്നു. ഇതെല്ലാം നടപ്പാക്കാനിരിക്കുന്ന പദ്ധതികളാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ, കാർഷിക മേഖലയിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളെ പരിഗണിക്കുന്നതേയില്ലെന്ന് അത്രയും ഒച്ചയെടുത്ത് അങ്ങ് ഉന്നയിക്കുമ്പോൾ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ പോകുന്നുണ്ടല്ലോയെന്ന വിഷമം ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. തെങ്ങിന്റെ കാര്യത്തിൽ മാത്രമല്ല റബ്ബർ കൃഷിയുടെ വിഷയവും ഞാൻ നേരത്തെ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ഹെക്ടറിന് 75,000 രൂപയും കർഷകർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കാൻ 'പാർഷ്യൽ ക്രഡിറ്റ് ഗ്യാരന്റി സപ്പോർട്ട് സ്കീമും' പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്. കാപ്പി

കൃഷിയുടെ പുനർനടീലിന് ഹെക്ടറിന് 80,000 രൂപയും ഏലം കർഷകർക്ക് ഹെക്ടറിന് ഒരു ലക്ഷം രൂപ ധനസഹായവും പദ്ധതിയുടെ ഭാഗമായി നടപ്പാക്കുകയാണ്. ഈ വർഷം ഉഷ്ണതരംഗവും അതിതീവ്ര മഴയുംമൂലം കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സത്വരമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്ന് പട്ടയമില്ലാത്ത ഭൂമിയിൽ ഏലം, കുരുമുളക്, കാപ്പി, കൊക്കോ, ജാതിക്ക മുതലായ ദീർഘകാല വിളകൾ കൃഷിചെയ്തുവരുന്ന കുടിയേറ്റ കർഷകർക്ക് കടുത്ത വരൾച്ചയിൽ വ്യാപകമായ നാശനഷ്ടമുണ്ടായി. എന്നാൽ പട്ടയമില്ലാത്ത ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ സാധിക്കാത്ത സാഹചര്യം നിലനിന്നിരുന്നു. അത്തരം കർഷകരെക്കൂടി പരിഗണിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഞാനും ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ഏലം മേഖലയിൽ കൃഷിക്കാർക്കുണ്ടായ നാശനഷ്ടങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്ന അവസരത്തിൽ കർഷകർ ഉന്നയിച്ച ഒരു പ്രധാനപ്പെട്ട വിഷയമായിരുന്നു ഇത്. കൃഷിക്കാരുടെ ഈ ആവശ്യം അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ടി പട്ടയമില്ലാത്ത ഭൂമിയിൽ തർക്കങ്ങളില്ലാതെ

വർഷങ്ങളായി കൃഷി ചെയ്യപ്പെടുന്ന ദീർഘകാല വിളകളിന്മേൽ നിബന്ധനകൾ പ്രകാരം, പ്രകൃതിക്ഷോഭം കാരണമുണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകാനും പരിഹാരം കാണാനും ജൂലൈ 4-ാംതീയതി ഉത്തരവായിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കുന്നു. ദീർഘകാലമായി നമ്മുടെ മുന്നിലുണ്ടായിരുന്ന ഒരു പ്രശ്നമാണിത്. വരൾച്ച, കാലാവസ്ഥാ പ്രശ്നങ്ങൾ എന്നിവ കാരണം വളരെ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ ആ മേഖലയിലെ കർഷകർക്ക് വലിയ സഹായമായിത്തീർന്നൊരു കാര്യമാണിത്. സംസ്ഥാനത്തുണ്ടായ കടുത്ത ഉഷ്ണതരംഗവും വരൾച്ചയും കണക്കിലെടുത്ത് മേൽ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കാൻ കഴിയുംവിധം AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാനുള്ള തീയതി ജൂലൈ 31 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. കൃഷി നാശം സംഭവിച്ച എല്ലാ കർഷകർക്കും കൃഷി നാശം വിലയിരുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായം, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവയും സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ജൂൺ 30 വരെ അപേക്ഷ സമർപ്പിക്കാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിനുവേണ്ടി പ്രത്യേക സഹായവും

ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് അപേക്ഷിച്ചിട്ടുണ്ട്. ബഡ്ജറ്റിനുവേണ്ടി കണക്കുകൂട്ടുന്ന അവസരത്തിൽ മുൻകാലങ്ങളിലെ കണക്കുകളെല്ലാം താരതമ്യം ചെയ്യുകയും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി കൂടുതൽ തുക നീക്കി വയ്ക്കാൻ നിർബന്ധിതമാകുകയാണ്. വലിയ നഷ്ടങ്ങൾ സംഭവിക്കുന്ന ഈ സാഹചര്യത്തിൽ കേന്ദ്രത്തിന്റെ സഹായം ലഭ്യമായേ മതിയാകുകയുള്ളൂ. അതിനായി പ്രത്യേക സഹായം ലഭ്യമാകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ വിവിധങ്ങളായ ആനുകൂല്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 150.12 കോടി രൂപ വിളനാശത്തിന് നഷ്ടപരിഹാരമായി കർഷകർക്ക് നൽകിയിട്ടുണ്ട്. നിലവിൽ 51 കോടിയോളം രൂപ കുടിശ്ശികയുണ്ട്. ഇല്ലെന്ന് പറയുന്നില്ല. അത് യാഥാർത്ഥ്യമാണ്. എല്ലാവർക്കും അറിയാവുന്നതും മനസ്സിലാക്കാൻ കഴിയുന്നതുമായ കണക്കുകളാണിത്. അതിൽ 6.32 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള

നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കി തുക എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ധനകാര്യ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്. ഇടതുപക്ഷം കാർഷിക മേഖലയെ ഗൗരവത്തിൽ കാണുന്നില്ല, ഇതെല്ലാം തകർത്തിരിക്കുന്നു, ഒന്നും കൊടുക്കുന്നതേയില്ല തുടങ്ങിയ വാദങ്ങൾ രാഷ്ട്രീയമായ ഒരു ഇമ്പത്തിനുവേണ്ടി പറഞ്ഞുപോകാമെന്നല്ലാതെ അത് യാഥാർത്ഥ്യമല്ല. ഞാൻ ഒരു കാര്യം സൂചിപ്പിച്ചോട്ടെ.. ഒന്നാം പിണറായി സർക്കാർ അധികാരത്തിലെത്തിയപ്പോൾ, ആദ്യം നൽകേണ്ടിവന്നത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കുടിശ്ശികത്തുകയായ 53.23 കോടി രൂപയാണ്. ഈ കുടിശ്ശിക കൊടുത്തുതീർത്തത് അവർക്ക് ശേഷം വന്ന സർക്കാരാണ്. എത്രയും പെട്ടെന്ന് കർഷകർക്ക് ലഭ്യമാകേണ്ട കുടിശ്ശിക കൊടുത്തുതീർക്കണമെന്നാണ് പറഞ്ഞത്. കർഷകരുടെ കാര്യത്തിൽ ഒരു ദിവസംപോലും താമസമുണ്ടാകരുതെന്നും അവർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവുണ്ടാകണമെന്നുമുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഈ പ്രതിസന്ധി സമയത്ത് കാർഷിക മേഖലയിൽ നിൽക്കുന്ന ആളുകൾക്ക് സഹായങ്ങളും സംരക്ഷണങ്ങളും ഒരുക്കി

കൊടുത്തുകൊണ്ടുമാത്രമേ കർഷകരോട് പിടിച്ചുനിൽക്കണമെന്ന് പറയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു അഭിപ്രായ വ്യത്യാസവുമില്ല. എന്നാൽ രാഷ്ട്രീയമായി ഈ രീതിയിലാണ് ചെയ്യുന്നത് എന്നൊക്കെ പറഞ്ഞുനിൽക്കാതെ, നമ്മൾ എല്ലാവരും കൂടി ചേർന്ന് ഇടപെടുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ട ഒരു മേഖലയുടെ കാര്യത്തിൽ കേവലമായ കക്ഷി രാഷ്ട്രീയത്തിന്റെ രീതി കലർത്തരുതെന്നാണ് വിനയപൂർവ്വം പറയാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 116 കോടി രൂപയാണ് വിള ഇൻഷ്വറൻസിന്റെ ഭാഗമായി കർഷകർക്ക് നൽകിയത്. ഇതിലും 30 കോടിയോളം രൂപ കുടിശ്ശികയുണ്ടായിരുന്നു. 22.8 കോടി രൂപ ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 29.9 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഈയിനത്തിൽ കർഷകർക്ക് 145 കോടിയോളം രൂപ ഇനി വിതരണം ചെയ്യാനുണ്ട്. ഇതെല്ലാം എന്തുകൊണ്ടാണ് സംഭവിക്കുന്നത്? ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ... അങ്ങ് ഇനിയെങ്കിലും ചില കാര്യങ്ങൾ മനസ്സിലാക്കണം. നെല്ല് സംഭരിച്ച

വകയിൽ, നേരത്തെ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ 1000 കോടിയോളം രൂപ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുണ്ട്. എന്തുകൊണ്ടാണ് അക്കാര്യത്തെക്കുറിച്ച് മിണ്ടാതിരിക്കുന്നത്; സംസ്ഥാന സർക്കാരിന് സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട്. ഒരു സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ട പണം ലഭ്യമാക്കിയേ മതിയാകൂ. ഇത് ഇപ്പോഴത്തെ മാത്രം പ്രശ്നമാണോ; ശ്രീ. അനൂപ് ജേക്കബ് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ, പാലക്കാട് നിന്നുള്ള സി.പി.ഐ.(എം.) എം.എൽ.എ. ആയ കെ. വി. വിജയദാസ് കൊണ്ടുവന്നൊരു അടിയന്തരപ്രമേയവും അതിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണവും എന്റെ കൈവശമുണ്ട്. കുടിശ്ശിക സംബന്ധിച്ച വിഷയം ആദ്യസംഭവമായി കാണരുത്. അത് പരമാവധി വേഗത്തിൽ കൊടുത്തുതീർക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഞാനൊരു താരതമ്യ പഠനത്തിലേയ്ക്ക് കടക്കുന്നില്ല. അന്ന് അപ്പുറത്ത് അങ്ങനെയായിരുന്നു അതുകൊണ്ട് ഇവിടെയും അങ്ങനെയാണ് എന്ന രീതിയിലുള്ള കാര്യങ്ങളൊന്നും പറയേണ്ടതില്ല. വളരെ വേഗത്തിൽ കർഷകർക്ക് അവരുടെ പണം

ലഭ്യമാകണമെന്നതാണ് ഏറ്റവും വലിയ കാര്യം. എന്നാൽ ഇതെല്ലാം ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടുമാത്രമാണ് സംഭവിക്കുന്നതെന്ന് സ്ഥാപിക്കാൻ ശ്രമം നടത്തുന്നത് ശരിയായ രീതിയല്ല. കേന്ദ്രം നൽകേണ്ട പണം ലഭിക്കാത്തതിന്റെ പേരിലുള്ള പ്രശ്നമുണ്ട്. അക്കാര്യം നമ്മൾ മനപ്പൂർവ്വം മറക്കുകയും പകരം സർക്കാരിന്റെ കുഴപ്പമാണെന്ന് സ്ഥാപിക്കാനുള്ള പരിശ്രമം നടത്തുകയുമാണ് ചെയ്യുന്നത്. കർഷകർക്ക് നൽകാനുള്ള തുക അടിയന്തരമായി ലഭ്യമാക്കാനുള്ള ശ്രമമുണ്ടാകും.

മി.സ്പീക്കർ: ദയവായി താങ്കൾ ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കണം. അങ്ങോട്ടേയ്ക്ക് നോക്കുമ്പോൾ അംഗങ്ങളുടെ ഭാഗത്തുനിന്നും അഭിപ്രായങ്ങളുണ്ടാകും.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ ആദ്യം സംസാരിക്കാൻ കുറച്ചുസമയം മാത്രമേ എടുത്തിട്ടുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ചില കാര്യങ്ങളെപ്പറ്റി പറയേണ്ടതുണ്ട്. നാളികേര സംഭരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സംഭരണ കേന്ദ്രങ്ങൾ എവിടെയൊക്കെ ആവശ്യമുണ്ടോ അവിടെയെല്ലാം അനുവദിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നതാണ്. ബഹുമാനപ്പെട്ട

അംഗം, അദ്ദേഹം നൽകിയ ഒരു കത്തിന് പരിഹാരമുണ്ടായില്ലെന്ന് സൂചിപ്പിച്ചത് അതീവ ഗൗരവത്തോടുകൂടി കണക്കാക്കുകയാണ്. ഇന്നുതന്നെ അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. നാളികേര സംഭരണവുമായി ബന്ധപ്പെട്ട് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും എവിടെയെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കും. ഏതെങ്കിലും ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിക്കുന്നതാണ്. പച്ചത്തേങ്ങ സംഭരണത്തിന്റെ കാര്യത്തിൽ ഒരുപാട് ആക്ഷേപങ്ങൾ മുൻകാലങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. അത്തരം ആക്ഷേപങ്ങൾക്ക് ഇടവരാത്ത തരത്തിൽ പഴുതുകൾ അടച്ചുള്ള നാളികേര സംഭരണ പദ്ധതിയാണ് നടപ്പാക്കാൻ ശ്രമിക്കുന്നത്. കൊപ്രാ സംഭരണം എല്ലാവർക്കും പരിചിതമാണ്. കേരളത്തിലെ കർഷകർ നിലവിൽ കൊപ്ര ഉൽപ്പാദിപ്പിക്കുന്നില്ല. പകരം പച്ചത്തേങ്ങ സംഭരണത്തിൽനിന്ന് കൊപ്രയിലേയ്ക്ക് മാറ്റുന്ന രീതിയാണുള്ളത്. കൊപ്ര സംഭരണം വളരെ പുറകിലാണെന്ന വാർത്ത വരാറുണ്ട്. എന്നാൽ എവിടെയും അത്തരത്തിൽ

കൊപ്ര ഉൽപ്പാദനം നടക്കുന്നില്ല. പച്ചത്തേങ്ങ സംഭരിച്ചശേഷമാണ് കൊപ്രയാക്കുന്ന തലത്തിലേയ്ക്കെത്തിക്കുന്നത്. കേന്ദ്രസർക്കാരുമായി നല്ലരീതിയിലുള്ള ഇടപെടൽ നടത്തുകയും ഈ പ്രവൃത്തിക്ക് പ്രത്യേക രീതിയിൽ കണക്കുകൂട്ടി ആനുകൂല്യം നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അവിടെയും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് പ്രതിസന്ധി സൃഷ്ടിക്കുകയാണുണ്ടായത്. കേരഫെഡിൽ കളക്ട് ചെയ്യാൻ കഴിയില്ലെന്ന് പറയുകയുണ്ടായി. ഏതെല്ലാം രീതിയിൽ സംഭരിക്കാൻ കഴിയുമോ ആ സംവിധാനങ്ങളിലൂടെയെല്ലാം പച്ചത്തേങ്ങ സംഭരിക്കാൻ സംവിധാനമൊരുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 438 കേരഗ്രാമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കേര ഗ്രാമങ്ങളിലൂടെ കർഷകർക്ക് ലഭ്യമായ സാമ്പത്തിക സഹായവും കർഷകർ ആ സഹായത്തിന്റെ അടിസ്ഥാനത്തിൽ കൃഷിയിൽ താൽപ്പര്യം കാണിക്കുകയും ചെയ്തപ്പോൾ ഉൽപ്പാദനക്ഷമതയിലുണ്ടായ വർദ്ധനവ് നമുക്ക് മുന്നിലുള്ള കണക്കുകളിൽ നിന്ന് വ്യക്തമാണ്. അതേക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈയിനത്തിൽ 34 രൂപ കർഷകർക്ക് ഉറപ്പാക്കുന്നുണ്ട്. പച്ചത്തേങ്ങ സംഭരണത്തിലുള്ള

ക്രിയാത്മകമായ ഇടപെടലാണ് പച്ചത്തേങ്ങയുടെ വില ഉയരുന്നതിന് കാരണമായിത്തീർന്നത്. ഇൻഷ്വറൻസിന്റെ വിഷയം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിരുന്നു. കൃഷിക്കാർക്ക് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും. കർഷകരുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗൗരവത്തിൽ എടുക്കാതെയോ അവരെ പരിഗണിക്കാതെയോ ഈ സർക്കാർ മുന്നോട്ടുപോകുന്നില്ല.

അദ്ദേഹം പറഞ്ഞ ഒന്നുരണ്ടു കാര്യങ്ങളെക്കുറിച്ച് കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രാഥമിക വിവര കണക്കുകളാണ് നമ്മൾ എപ്പോഴും നോക്കുന്നത്. എല്ലാക്കാലത്തും അങ്ങനെതന്നെയാണ്. ആ കണക്കിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ നടപടികളിലേയ്ക്ക് നീങ്ങുന്നത്. പ്രവർത്തനങ്ങൾ തുടങ്ങാൻ പോകുന്നതേയുള്ളൂ. ആകെ നഷ്ടം തിട്ടപ്പെടുത്തുന്ന അവസരത്തിൽ യഥാർത്ഥ നഷ്ടത്തിനനുസരിച്ച് സാധ്യമാകുന്ന എല്ലാ സഹായങ്ങളും കർഷകർക്ക് നൽകേണ്ടതുണ്ട്. പുതിയ ഇനം വിത്തിനങ്ങളൊന്നും മുളയ്ക്കുന്നില്ല എന്ന് അദ്ദേഹം പറയുകയുണ്ടായി.

നമ്മുടെ സർവ്വകലാശാലകൾ വികസിപ്പിച്ചെടുക്കുന്ന വിത്തിനങ്ങളാണ് നമ്മൾ ഉപയോഗിക്കുന്നത്. കേരളത്തിലെ കർഷകരിൽനിന്നും നെൽവിത്ത് സംഭരിച്ച് ഗുണമേന്മ ഉറപ്പാക്കിയതിനുശേഷമാണ് അത് കർഷകർക്ക് നൽകുന്നത്. അങ്ങനെ സംഭരിക്കുന്നവ അത് എവിടെ നിന്നാണെന്ന് ടാഗ് ചെയ്യുന്നതിന് ഒരു പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആ സംവിധാനത്തിന് എന്തെങ്കിലും പിഴവ് സംഭവിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. നേരത്തെ പുറമെനിന്ന് നെൽവിത്ത് കൊണ്ടുവന്ന് ഇവിടെ വിതരണം ചെയ്യുന്ന രീതി ഉണ്ടായിരുന്നു. അത് നമ്മൾ അവസാനിപ്പിച്ചു. ഇപ്പോൾ മറ്റുതരത്തിൽ ഉണ്ടോയെന്ന് ഞങ്ങൾ പരിശോധിക്കുന്നതായിരിക്കും. കേരളത്തിലെ കർഷകരിൽനിന്ന് നെൽവിത്ത് സംഭരിച്ച് കേരളത്തിലെ കൃഷിക്ക് ഉപയോഗിക്കുന്ന തരത്തിലാണ് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി-യ്ക്ക് രൂപം നൽകിയിരിക്കുന്നത്. അതിന്റെ ഭാഗത്തുനിന്ന് എവിടെയെങ്കിലും ബുദ്ധിമുട്ടുണ്ടായെങ്കിൽ തീർച്ചയായും അക്കാര്യങ്ങളിൽ ഇടപ്പെടുന്നതായിരിക്കും. വരൾച്ചമൂലം അല്ലെങ്കിൽ അതിതീവ്രമഴമൂലം കേരളത്തിന്റെ കാർഷികമേഖലയ്ക്ക് ഉണ്ടായിരിക്കുന്ന

ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഗൗരവകരമായ ഇടപെടലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഞാൻ ആരംഭത്തിൽതന്നെ പറഞ്ഞു മുഖ്യമന്ത്രി മുൻകയ്യെടുത്ത് യോഗങ്ങൾ വിളിച്ച് (SDRF)-ൽനിന്ന്, നമ്മുടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന്, പണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബാങ്കുകളുമായി ചർച്ചകൾ നടത്തുകയും കൃഷിവകുപ്പ് തന്നെ മുൻകയ്യെടുത്തുകൊണ്ട് എസ്.എൽ.ബി.സി. മുമ്പാകെ ഇക്കാര്യം അവതരിപ്പിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനം സാമ്പത്തികമായ ബുദ്ധിമുട്ടുകൾക്കിടയിൽനിന്നു കൊണ്ട് സഹായിക്കാൻ കഴിയുന്ന നടപടികളിലേയ്ക്ക് നീങ്ങുകയാണ്. കൂടുതൽ സഹായം അത്യന്താപേക്ഷിതമാണ്. കാർഷികമേഖലയെ അതീവ ഗൗരവത്തോടുകൂടി കാണുകയും വേണം. അതിൽ അഭിപ്രായ വ്യത്യാസമില്ല. അതുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ വളരെ സദുദ്ദേശ്യത്തോടുകൂടിയും അതീവ താൽപ്പര്യത്തോടുകൂടിയും തന്നെയാണ് കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്

എന്നുള്ളതുകൊണ്ട് ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: യഥാർത്ഥത്തിൽ പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ഉപക്ഷേപത്തിന്റെ ഘട്ടത്തിൽ ഉപയോഗിക്കുന്നത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ്. യഥാർത്ഥ പ്രയോഗം 'ചർച്ച ചെയ്യുന്നതിന് സഭ നിർത്തിവയ്ക്കണമെന്നാണ്' . ഭാവിയിലെങ്കിലും അത് ശ്രദ്ധിക്കുക.

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടായ അതിശക്തമായ ഉഷ്ണതരംഗത്തിലും പിന്നീടുണ്ടായ അതിതീവ്ര മഴയുടെയും ഭാഗമായി സംസ്ഥാനത്തുണ്ടായ വ്യാപക

കൃഷിനാശത്തെക്കുറിച്ചും അത് കർഷകരുടെ ജീവിതത്തിലുണ്ടാക്കിയ സങ്കടങ്ങളെയും പ്രയാസങ്ങളെയും അവന്റെ നിരാശയെയും കുറിച്ചാണ് ഒരു കർഷകൻ കൂടിയായ ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ ഇന്ന് ഈ സഭയുടെ ശ്രദ്ധ ആകർഷിക്കാൻവേണ്ടി ശ്രമിച്ചത്. അദ്ദേഹം ഒരു രാഷ്ട്രീയവും പറഞ്ഞില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരുകാര്യം മനസ്സിലാക്കേണ്ടത് നിങ്ങൾ ഗവൺമെന്റിൽ ഇരിക്കുന്നവരും അധികാരത്തിൽ ഇരിക്കുന്നവരുമാണ്. നിങ്ങളുടെ നടപടികളെ സൂക്ഷ്മമായി പരിശോധിക്കുക എന്നതാണ് ഞങ്ങളുടെ ജോലി. ചിലപ്പോൾ അദ്ദേഹം തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിച്ചെന്നുവരാം, പക്ഷേ രാഷ്ട്രീയമായി ഒരുവാക്കുപോലും ഉപയോഗിച്ചിട്ടില്ല. അതിന് അങ്ങ് അങ്ങനെയൊരു പ്രതികരണം ബഹുമാനപ്പെട്ട അംഗത്തോട് നടത്തിയത് ദൗർഭാഗ്യകരമായിപോയെന്ന് മാത്രം ഞാൻ പറയുന്നു. ഒന്നരവർഷം മുമ്പ് 195 രാജ്യങ്ങളുടെ climate change-നെക്കുറിച്ച് Intergovernmental Panel on Climate Change (IPCC) നാസ നടത്തിയ പരിശോധനാ റിപ്പോർട്ടിനെ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഞങ്ങളോട് അങ്ങ് പറഞ്ഞത് യൂറോപ്പിലെ

ലെജിസ്ലേച്ചറുകളിലോ ഇന്ത്യയിലെ മറ്റ് ലെജിസ്ലേച്ചറുകളിലോ ആരും കൊണ്ടുവന്നില്ലായെന്നാണ്. പക്ഷേ കേരളത്തിലെ പ്രതിപക്ഷം കൊണ്ടുവന്നു. കൊണ്ടുവരാനുള്ള കാരണം കാലാവസ്ഥാ വ്യതിയാനം അറേബ്യൻ കടലിൽ ഉണ്ടാക്കാൻ പോകുന്ന വലിയ മാറ്റങ്ങൾ, ഇതുവരെ കാണാത്ത ഗൗരവകരമായ മാറ്റങ്ങൾ, അതുവരെ Bay of Bengal-ന്റെ ഭാഗമായി ഉണ്ടായിരുന്ന സൈക്ലോണും അതിതീവ്ര മഴയും, ബംഗാളിലും ഒറീസ്സയിലും ആന്ധ്രയിലുമെല്ലാം മൂന്നുനാല് ദശാബ്ദങ്ങളായി ഉണ്ടായിരുന്ന പ്രശ്നങ്ങൾ ഇതാ അറേബ്യൻ കടലിൽ വരാൻ പോകുന്നു. അതിന്റെ ഗുരുതരമായ പ്രത്യാഘാതം ഉണ്ടാകാൻ പോകുന്നത് കേരളത്തിലാണെന്ന് സഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്തവരാണ് ഞങ്ങൾ. ഞങ്ങൾ അന്ന് ആവശ്യപ്പെട്ട വളരെ പ്രധാനപ്പെട്ട കാര്യം ഈ കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ അപകടകരമായ സംഭവങ്ങൾ ഉണ്ടാകാൻ പോവുകയാണെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ നയപരമായ മാറ്റം എല്ലാ കാര്യങ്ങളിലും ഉണ്ടാകണം. പ്രത്യേകിച്ച് കാർഷിക മേഖലയിൽ, നിർമ്മാണ കാര്യങ്ങളിൽ, വികസന സമീപനങ്ങളിൽ എല്ലാം കാലാവസ്ഥാ വ്യതിയാനത്തെ അടിസ്ഥാനമാക്കിവേണം ചെയ്യാൻ.

അപ്രതീക്ഷിത കാര്യങ്ങളാണ് ഉണ്ടായത്. മാർച്ച്, ഏപ്രിൽ, മേയ് തുടങ്ങിയ മൂന്നുമാസങ്ങളിൽ അതികഠിനമായ ചൂടായിരുന്നു. ഇന്നലെയും ഇന്നുമായി മുഖ്യമന്ത്രിയും കൃഷിമന്ത്രിയും അക്കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. മേയ് അവസാനം മുതൽ ജൂൺ വരെ അതിതീവ്രമഴയുണ്ടായി. ഏതുസമയത്തും cloud burst ഉണ്ടാകാം, ഏതു പ്രത്യേക സ്ഥലത്തും അതിതീവ്രമായ മഴയുണ്ടാകാം, സൈക്ലോണുണ്ടാകാം, അങ്ങനെ അപകടകരമായ നിലയിലാണ് കേരളം നിൽക്കുന്നത്. ഇതുണ്ടാക്കിയ കൃഷിനാശമെന്ന് പറയുന്നത് സർക്കാരിന്റെ പ്രാഥമിക കണക്കനുസരിച്ച് അഞ്ഞൂറ്-അറുന്നൂറ് കോടി രൂപയോളം വരും. അത് ആയിരം കോടിയോളം രൂപയുടെ നഷ്ടം കാർഷികമേഖലയിൽ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് ഞങ്ങൾ പറയുന്നത്. കുനിന്മേൽ കുരു എന്നതുപോലെയാണത്. നേരത്തെതന്നെ ഒരുപാട് പ്രശ്നങ്ങൾ കാർഷിക മേഖലയിലുണ്ട്. ഉൽപ്പാദനത്തിലെ തകർച്ച, മറ്റുരാജ്യങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ വരുന്നത് അതുപോലെ കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ, കീടനാശിനിയുടെയും വളത്തിന്റെ ഭീമമായ വില വർദ്ധനവ്, കാർഷിക ചെലവുകൾ വർദ്ധിച്ചത്, മനുഷ്യ-വന്യജീവി

സംഘർഷങ്ങൾ എന്നീ ഗുരുതരമായ സ്ഥിതി വിശേഷം കാർഷികമേഖലയിൽ നിൽക്കുമ്പോൾ അതിനെ അഭിമുഖീകരിച്ചുകൊണ്ട് പ്രയാസത്തോടുകൂടി കർഷകൻ നിൽക്കുന്ന സമയത്താണ് ഈ പ്രകൃതിയുടെ കളിയാട്ടമെന്ന് നമ്മൾ മനസ്സിലാക്കുന്നത്. ആയിരംകോടി രൂപയുടെ കൃഷിനാശമാണ് ഈ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായത്. ഇതുമൂലം വിളനാശവും വിളകൾക്ക് വളർച്ചാമുരടിപ്പും ഉണ്ടായി. ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വലിയതോതിലുള്ള ഇടിവുണ്ടായി. മണ്ണിന്റെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടെ മണ്ണിലെ അവശ്യ മൂലകങ്ങളും സൂക്ഷ്മാണുക്കളും നഷ്ടപ്പെടുന്നത് ദീർഘകാലത്തേയ്ക്കുള്ള ദൂഷ്യഫലങ്ങൾകൂടി മണ്ണിൽ ഉണ്ടാകുകയാണ്. വളരെ ഗൗരവകരമായ സമഗ്രമായ ഒരു കാർഷികനയം ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് വേണ്ടതാണ്. ഇത്രയും വലിയ നഷ്ടമുണ്ടാകുമ്പോൾ അത് പരിഹരിക്കാൻവേണ്ടി സമഗ്രമായ പാക്കേജ് വേണ്ടേ? നിങ്ങളുടെ കണക്കനുസരിച്ചുതന്നെ വരൾച്ച ഏകദേശം അറുപതിനായിരത്തോളം കർഷകരെ ബാധിച്ചു. അതുപോലെ അമ്പതിനായിരത്തിലധികം കർഷകരെ മഴ ബാധിച്ചു. ഏലം, നെല്ല്, കുരുമുളക്,

വാഴ, റബ്ബർ തുടങ്ങിയ ഒരുപാട് ഉൽപ്പന്നങ്ങൾക്ക് വൻതോതിൽ നാശമുണ്ടായെന്ന് അറിയാം. എങ്ങനെയാണ് ഇതിനു പരിഹാരം കാണുന്നത്? സാധാരണ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. വിള ഇൻഷ്വറൻസ് 50 കോടി രൂപയിൽ താഴെയാണ്. നിലവിൽ 51 കോടി രൂപ കുടിശ്ശികയായി നിൽക്കുകയുമാണ്. നമുക്ക് ഈ വർഷം വിള ഇൻഷ്വറൻസ് ഇനത്തിൽ 33.14 കോടി രൂപ വകയിരുത്തി. എത്രയാണ് നമ്മൾ ചെലവാക്കിയിട്ടുള്ളത്? ആറുലക്ഷം രൂപ; 6.62 ലക്ഷം രൂപയാണ് നമ്മൾ ചെലവാക്കിയിട്ടുള്ളത്. കുടിശ്ശിക എത്രയാണ്? വിളനാശത്തിന്റെ കുടിശ്ശിക 51 കോടി രൂപ. പ്രകൃതിക്ഷോഭത്തിന്റെ കുടിശ്ശിക, ഇത് ഇപ്പോഴത്തെയല്ല നേരത്തെയുള്ളതാണ്, 47.6 കോടി രൂപ. എസ്.ഡി.ആർ.എഫ്. വിഹിതം 2.93 കോടി രൂപ, വിള ഇൻഷ്വറൻസിന്റെ നഷ്ടപരിഹാരം 30 കോടി രൂപ. ഇത്രയും നാശമുണ്ടായിട്ടും വലിയ തോതിലുള്ള ഒരു സഹായവും അവരിൽ എത്താതെ വരുമ്പോൾ അതിനെ അതിജീവിക്കാൻ, മറികടക്കാൻ അവർ ആഗ്രഹിക്കില്ലേ. അവർ തിരഞ്ഞെടുത്ത ഗവൺമെന്റിന്റെ സാമീപ്യം, ഒരു തലോടൽ, ഒരു സാന്ത്വനം, സ്നേഹത്തോടെ അവരെ ഒന്നുസഹായിക്കൽ, ഈ

പ്രതിസന്ധി മറികടക്കാൻവേണ്ടി അവർക്ക് ഒരു കൈത്താങ്ങ് കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞോ? നിങ്ങൾ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് എന്ത് പ്രോജക്റ്റാണ് കൊടുത്തിരിക്കുന്നത്? നഷ്ടപരിഹാരം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ മുഴുവൻ കൃഷിനാശത്തെ സംബന്ധിച്ച കണക്കുകൾ ശേഖരിച്ചുകൊണ്ട് പ്രത്യേകമായ സഹായം സംസ്ഥാനത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിങ്ങൾ കേന്ദ്രത്തിന് കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടുണ്ടെങ്കിൽ ഞങ്ങളോട് പറയൂ. ഞങ്ങൾ എം.പി.-മാരെ കൊണ്ട് പാർലമെന്റിന്റെ അടുത്ത സമ്മേളനം തുടങ്ങുമ്പോൾ ശക്തമായി നമ്മുടെ സംസ്ഥാനത്തിന് ഈ സഹായം വേണമെന്ന് ആവശ്യപ്പെടാം. കഴിഞ്ഞ ദിവസം മന്ത്രി ഒരുതാളത്തിൽ പറയുകയാണ് 'കർഷക ആത്മഹത്യ' എന്ന്. താളത്തിലാണോ കർഷകരുടെ ആത്മഹത്യയെക്കുറിച്ച് പറയേണ്ടത്? കഴിഞ്ഞ വർഷമാണ് ഏറ്റവും കൂടുതൽ ജപ്തി നടപടികളുണ്ടായത്. ഏറ്റവും കൂടുതൽ കൃഷി ഇടങ്ങൾ ജപ്തി ചെയ്യപ്പെട്ടു. കിടപ്പാടങ്ങൾ ജപ്തി ചെയ്യപ്പെട്ടു. കൃഷിക്കുവേണ്ടി വട്ടിപ്പലിശയ്ക്ക് കടം വാങ്ങിയതിനുശേഷം കൃഷിനാശമുണ്ടായാൽ എവിടെ പോകും? ആത്മഹത്യയിൽ അഭയം തേടുന്ന കർഷകരാണ്, അതൊരു trend

ആക്കി മാറ്റുന്നതിനുവേണ്ടി പറയുന്നതല്ല. കർഷക ആത്മഹത്യകൾ നടക്കുന്നുണ്ട്. നെൽകർഷകർ ഉൾപ്പെടെയുള്ള ആളുകൾ സംസ്ഥാനത്ത് ആത്മഹത്യ ചെയ്യുന്നുണ്ടെന്ന് നമ്മൾ അറിയണം. സംഭരണ സംവിധാനങ്ങളിൽ പാളിച്ചകളുണ്ട്. പണ്ട് നെല്ല് സംഭരണത്തിന് കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നത് ശരിയാണെങ്കിലും ഇന്ന് ഏഴ് മാസത്തെ കുടിശ്ശികയാണുള്ളത്. കേന്ദ്രത്തിൽനിന്ന് 1000 കോടി രൂപ കിട്ടാനുണ്ടെന്നത് ശരിയാണ്. പാർലമെന്റിൽ ഞങ്ങളുടെ എം.പി.-മാരെ കൊണ്ട് ചോദ്യമുന്നയിച്ചിരുന്നു. ശരിയായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ സപ്ലൈകോയിൽനിന്ന് ലഭിച്ചിട്ടില്ലെന്നാണ് പാർലമെന്റിൽനിന്നും ലഭിച്ച മറുപടി. തിരഞ്ഞെടുപ്പിന് മുമ്പ് നിയമസഭയിൽ ഇത് പറഞ്ഞതുകൊണ്ട് ഞങ്ങളുടെ എം.പി.മാരെ കൊണ്ട് പാർലമെന്റിൽ ഞങ്ങൾ ചോദിപ്പിച്ചതാണ്. അതിന് മറുപടി ലഭിച്ചത് സംസ്ഥാന സർക്കാർ ആ process പൂർത്തിയാക്കിയിട്ടില്ലെന്നാണ്. ഇപ്പോൾ പൂർത്തിയാക്കിക്കാണും, നേരത്തെ പൂർത്തിയാക്കിയിട്ടില്ല. ഇനി 441 കോടി രൂപ നൽകാൻ ബാക്കിയുണ്ട്, അത് വാങ്ങിക്കേണ്ടതുണ്ട്. ഇനി വേറൊരു കാര്യം അറിയേണ്ടത്, നെല്ലിന് കിലോയ്ക്ക്

20.40 രൂപയാണ് സംഭരണ വിലയായി കേന്ദ്രം തരുന്നത്. കേന്ദ്രം 1.43 രൂപ കൂട്ടി അപ്പോൾ കേന്ദ്രത്തിന്റെ 20.40-ഉം സംസ്ഥാനം നൽകുന്ന 7.80-ഉം കൂടി ഒരു തുകയാകും. ഇവർ എന്ത് ചെയ്തെന്ന് അറിയാമോ? 1.43 രൂപ കേന്ദ്രം വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാന നൽകുന്ന 7.80 രൂപയിൽനിന്നും 1.43 കുറച്ചു. എന്നിട്ട് കേരളത്തിന്റെ വിഹിതം 7.80 എന്നത് 6.37 രൂപയാക്കി. കേന്ദ്രം വർദ്ധിപ്പിച്ച തുക സംസ്ഥാന വിഹിതത്തിൽനിന്നും കുറച്ച ആളുകളാണ് ഇവിടെ ഇരിക്കുന്നത്. അങ്ങനെ ചെയ്യാമോ; ആരോടാണ് ചെയ്തത്? പാവപ്പെട്ട നെൽകർഷകരോടാണ് ഇത് ചെയ്തത്. കേന്ദ്രം ഇനിയും കൂട്ടിയിട്ടുണ്ട്. ദയവ് ചെയ്ത് അതും കൂടി ഇതിൽ നിന്ന് കുറയ്ക്കരുത്. ഇതെല്ലാം ഗൗരവതരമായ വിഷയമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, അങ്ങ് കുറെ കാര്യങ്ങൾ പറഞ്ഞു. എല്ലാത്തിനും മറുപടി പറയുന്നില്ല. ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന് പറയുമ്പോൾ ചെയ്ത കാര്യങ്ങൾ പറയേണ്ടത് അനിവാര്യതയാണ് എന്നുള്ളതുകൊണ്ട് പറയുകയാണ്. രണ്ടാമത്തെ കാര്യം, കാലാവസ്ഥയുടെ പ്രശ്നത്തെ വളരെ ഗൗരവമായിട്ടാണ് കണക്കാക്കുന്നത്. അതുകൊണ്ടാണ്

നേരത്തെ പറഞ്ഞ വേൾഡ് ബാങ്കിന്റെ ഏതാണ്ട് 2375 കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കുന്നത്. നമുക്ക് നയമില്ല പദ്ധതിയില്ല എന്ന് പറയുന്നത് ശരിയല്ല. കാർഷിക മേഖലയിൽ ഇപ്പോഴുണ്ടായിരിക്കുന്ന നഷ്ടം തിട്ടപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രകൃഷി വകുപ്പുമന്ത്രിയുമായി കൂടിക്കാഴ്ചയ്ക്ക് സമയം അനുവദിച്ചെങ്കിലും അത് മാറിപ്പോയിരുന്നു. എല്ലാ എം.പി.മാരും അങ്ങും ഇക്കാര്യത്തിൽ മുൻകയ്യെടുക്കണം. മുഖ്യമന്ത്രി 15-ാം തീയതി പ്രത്യേക യോഗം വിളിച്ചിട്ടുണ്ട്. അതിൽ ഇക്കാര്യം വളരെ ഗൗരവമായി തന്നെയാണ് കണക്കാക്കുന്നത്. നെല്ലിന്റെ കാര്യത്തിൽ കേരളത്തിൽ നെല്ലിന്റെ സംഭരണ വില 28.20 രൂപയാക്കുന്നതിനുവേണ്ടി നൽകിയ സഹായമായിരുന്നു അത്. കൂടുതൽ നൽകണമെന്നതിൽ തർക്കമില്ല എന്നാൽ നമ്മുടെ സാമ്പത്തിക സ്ഥിതി വച്ചാണ് അങ്ങനെ നിൽക്കുന്നത്. ഈ വർദ്ധനവിന് അനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകുമെന്ന് ഈ സഭയിൽ നേരത്തെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. വി. ഡി. സതീശൻ: you are totally delayed, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലുണ്ടായ ഉഷ്ണതരംഗവും മേയ് അവസാനം മുതൽ അതിതീവ്ര

മഴയും ഉൾപ്പെടെ കഴിഞ്ഞ അഞ്ച് മാസക്കാലമായി കേരളത്തിലെ കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. നിങ്ങൾ പദ്ധതിയുണ്ടാക്കിയാൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ചെയ്യാവുന്ന എല്ലാ കാര്യത്തിന്റെയും മുന്നിൽ ഞങ്ങൾ നിൽക്കും. കേന്ദ്രം വർദ്ധിപ്പിച്ച തുക വരെ കേരളത്തിന്റെ ഷെയറിൽ നിന്നും കുറയ്ക്കുന്നത് എന്ത് മര്യാദയാണ്? Paddy receipt sheet നൽകും; എന്തിനാണ് paddy receipt sheet? നെല്ല് സംഭരണത്തിന്റെ തുക സർക്കാർ നൽകാൻ വൈകുന്നതുകൊണ്ട് ബാങ്കുകളുമായി ധാരണയുണ്ടാക്കി paddy receipt sheet കർഷകൻ ബാങ്കിന് നൽകുമ്പോൾ ബാങ്ക് ആ തുക അഡ്വാൻസ് ചെയ്ത് നൽകും. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊണ്ടുവന്ന നല്ല സ്കീമാണ്, നന്നായി നടക്കുകയായിരുന്നു. ഇപ്പോഴുള്ള പ്രശ്നമെന്താണ്? ബാങ്കിന് തുക സർക്കാർ നൽകുന്നില്ല. ബാങ്ക് Non Performing Asset (NPA)-ആയി declare ചെയ്യും. ബാങ്ക് declare ചെയ്താൽ paddy receipt sheet (PRS) നൽകി സർക്കാർ നൽകേണ്ട തുക സർക്കാർ ഉണ്ടാക്കിയ ധാരണയനുസരിച്ച് ഈ കർഷകൻ വാങ്ങുമ്പോൾ ഈ കർഷകന്റെ സിബിൽ സ്കോർ താഴോട്ട് പോകും. ഗവൺമെന്റിന്റെ സിബിൽ സ്കോറായിരുന്നു

താഴോട്ട് പോകേണ്ടിയിരുന്നത്. നിങ്ങളുടെ സിബിൽ സ്കോർ നേരത്തെ തന്നെ താഴേയ്ക്ക് പോയിരിക്കുകയാണ്. സർക്കാരിന്റെ സിബിൽ സ്കോർ താഴെയ്ക്ക് പോകേണ്ടതിന് പകരം പാവപ്പെട്ട കർഷകന്റെ സിബിൽ സ്കോർ താഴോട്ട് പോയതിന്റെ ഫലമായിട്ടാണ് കുട്ടനാട്ടിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്തത്. അദ്ദേഹം മറ്റൊരു ലോണെടുക്കാൻ ബാങ്കിൽ ചെന്നപ്പോൾ പറയുകയാണ് താങ്കളുടെ സിബിൽ സ്കോർ താഴോട്ട് പോയെന്ന്. ഈ നെല്ല് സംഭരണത്തിന്റെ ഭാഗമായിട്ടാണ് ഇതുണ്ടായത്. പാവപ്പെട്ടവൻ പാടത്ത് ചോര വിയർപ്പാക്കി അദ്ധ്വാനിച്ചുണ്ടാക്കുന്ന നെല്ല് സർക്കാർ സംഭരിച്ചതിനുശേഷം അവന്റെ അദ്ധ്വാനത്തിന്റെ ഫലമായ തുക നൽകുന്നതിൽ താമസം വരുത്തുമ്പോൾ ബാങ്ക് കർഷകനോട് ചെയ്യുന്ന പ്രവർത്തിയാണിത്. അയാളുടെ സിബിൽ സ്കോർ നഷ്ടപ്പെട്ട് അയാൾക്ക് ഒരു വായ്പയും ഒരു ബാങ്കിൽനിന്നും ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നു. നാളികേരത്തെ സംബന്ധിച്ച ചോദ്യത്തിന്റെ ഉത്തരമായി കഴിഞ്ഞ ദിവസം മന്ത്രി പറഞ്ഞത് ഏത് എം.എൽ.എ. എവിടെ ചോദിച്ചാലും പദ്ധതി തുടങ്ങും എന്നാണ്. ഉന്നയിച്ച എം.എൽ.എ.-യോടും അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞു. ആറു മാസമായി. ഏത് എം.എൽ.എ. എഴുതി

തന്നാലും അവിടെ നാളികേര സംഭരണത്തിനുള്ള സംവിധാനം തുടങ്ങാമെന്ന് അങ്ങ് ഈ സഭയിൽ നൽകിയ assurance ആണ്. അതിന്റെ ഭാഗമായി ശ്രീ. കുറുക്കോളി മൊയ്തീൻ പിറ്റേ ദിവസം എഴുതിക്കൊടുത്തു. ആറുമാസമായി ഇതുവരെ തുടങ്ങിയിട്ടില്ല. അത് അങ്ങ് പരിശോധിച്ചാൽ മതി. സ്പെഷ്യൽ പാക്കേജ് ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് സർക്കാർ ആലോചിക്കുന്നില്ല. ആയിരം കോടി രൂപയുടെ നഷ്ടമുണ്ടായിട്ടും ഒരു തരത്തിലുള്ള നഷ്ടപരിഹാരവും കർഷകർക്ക് നൽകുന്നില്ല. സമഗ്രമായ ഒരു നഷ്ടപരിഹാര പാക്കേജോ കാർഷിക നയമോയില്ല. അടുത്ത വർഷവും ഇത് സംഭവിക്കാൻ പോകുകയാണ്. അവസാനം കർഷകർ മുഴുവൻ കാർഷിക മേഖലയിൽനിന്ന് പിൻവാങ്ങുന്ന അതിദാരുണമായ സ്ഥിതിയിലേയ്ക്ക് കേരളം പോകും. അപകടകരമായ സ്ഥിതിയിൽ ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കുമുള്ള ഒരു പദ്ധതിയും ആവിഷ്കരിക്കാതെ നിസംഗരായി നിൽക്കുകയാണ് സർക്കാർ. കർഷകരോടുള്ള അവഗണന മാത്രം കൈമുതലായുള്ള ഈ സർക്കാരിന്റെ നടപടികളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നലെ സഭയിൽ അവതരിപ്പിച്ച കുടിവെള്ള പ്രശ്നം പോലെതന്നെ ഗൗരവമായ ജനകീയ പ്രശ്നങ്ങളാണ് ഏതാനും ദിവസങ്ങളായി പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. പ്രഥമികമായി കേരളത്തിൽ ജീവിക്കാൻ മറ്റൊരു മാർഗ്ഗവുമില്ലാത്ത ആളുകൾ പൊതുവേ തിരഞ്ഞെടുക്കുന്നതും അവർക്ക് ആശ്രയിക്കാവുന്നതുമായ ഏക മാർഗ്ഗമാണ് കൃഷി. ജീവിക്കാൻ ആവശ്യമായ വളരെ ചെറിയ വരുമാനം മാത്രം ലഭിക്കുന്ന ഈ രംഗം ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. കർഷിക പ്രശ്നങ്ങളല്ലാതെ ഒന്നും ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞിട്ടില്ല. ഹൃദയത്തിൽ തട്ടിയാണ് ആ അംഗം വിഷയം അവതരിപ്പിച്ചത്. ചെറുകിട കർഷകർക്കും ഇടത്തരകർഷകർക്കും രക്ഷയില്ല. തോട്ടം പോലെയുള്ള അല്പം വലിയ കൃഷി ചെയ്തിരുന്ന ആളുകൾക്കൊന്നും ഇപ്പോൾ വലിയ നേട്ടവുമില്ല. അല്ലെങ്കിൽ തന്നെ കൃഷിക്ക് കാലാവസ്ഥാ വ്യതിയാനം പോലുള്ള പുതിയ

നിരവധി പ്രശ്നങ്ങളുള്ള അവസ്ഥയിൽ കേരളത്തിൽനിന്ന് കൃഷി അന്യം നിന്ന് പോകുകയാണ്. കുറച്ച് കാലത്തിനുള്ളിൽ കേരളം പൊതുവെ തന്നെ ഒരു നഗരവൽകൃത സംസ്ഥാനമായി മാറും. കൃഷി പണ്ട് ഉണ്ടായിരുന്നെന്ന് പറയേണ്ട സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. അല്പം കൃഷിയിടങ്ങളും വയലുകളും ഉള്ളത് കീറി മുറിച്ച് റോഡുകൾ പോകുകയാണ്. വലിയ റോഡുകൾ വേണ്ടെന്ന് പറയുകയല്ല. വയലുകൾ തീർന്നുകൊണ്ടിരിക്കുകയാണ്. പുതിയ വലിയ റോഡ് വരുന്നതിന്റെ ഓരത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ വരികയാണ്. എവിടെയാണ് കൃഷി? കൃഷി കേരളത്തിൽ പണ്ടുണ്ടായിരുന്നെന്ന് പറയുന്ന സ്ഥിതിയിലേയ്ക്ക് പോകുകയാണ്. വലിയ സിറ്റി സ്റ്റേറ്റായി ഏതാനും വർഷങ്ങൾക്കുള്ളിൽ മാറുന്ന ലക്ഷണമാണ് കേരളത്തിലുള്ളത്. നിലവിലുള്ള കൃഷി മെച്ചപ്പെടാതിരുന്നാൽ ആളുകൾ ഇതിൽനിന്ന് ഒഴിഞ്ഞുപോകും. ഏത് കൃഷി ചെയ്താലാണ് നിലവിൽ മെച്ചപ്പെടുന്നത്? നമ്മൾ ആഗോള കാര്യങ്ങളും തത്വങ്ങളും പറയുന്നതിൽ കാര്യമില്ല. ഏതെങ്കിലും കൃഷി ചെയ്താൽ നിലവിൽ മെച്ചപ്പെടുമോ? അതുകൊണ്ട് ഗവൺമെന്റിന്റെ സഹായങ്ങൾ അർത്ഥവത്താകണം. കുറെയേറെ പദ്ധതികൾ പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ബഡ്ജറ്റിൽ ഒന്നും

ഉണ്ടാകുകയില്ല. പേരിന് എന്തെങ്കിലും സഹായം നൽകുകയും കുറെ സംഭരണങ്ങളുടെ പേര് പറയുകയും ചെയ്യുന്നതല്ലാതെ യഥാസമയങ്ങളിലൊന്നും നടത്തുകയില്ല, എല്ലാം കുടിശ്ശികയായി തുടരുന്നു. ഈ രീതിയൊന്നുമാറ്റണം. ഇക്കാര്യങ്ങളൊക്കെ നമ്മൾ തമിഴ്നാടിനെ കണ്ടുപഠിക്കണമെന്നാണ് എന്റെ അഭിപ്രായം. അവിടെ കർഷകരുടെ പ്രശ്നങ്ങൾ ഓൺ ദ സ്പോട്ട് അറ്റൻഡ് ചെയ്യുന്ന രീതിയുള്ളതുകൊണ്ട് അവിടെ കാർഷിക മേഖല വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. അവിടെ കർഷകർക്ക് ഇറിഗേഷൻ സംവിധാനങ്ങൾ വളരെ കുറവാണെങ്കിലും ലഭ്യമാകുന്ന മഴവെള്ളം ശേഖരിച്ച് കർഷകർക്ക് ഉപയോഗപ്പെടുത്തുന്ന തമിഴ്നാടിന്റെ മാതൃക നമ്മൾ പരിശോധിക്കണം. അതുപോലെതന്നെ അവരുടെ ഉല്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തുന്നതിനായി ഗവൺമെന്റ് നൽകുന്ന സഹായങ്ങളും നമ്മൾ പരിശോധിക്കണം, അതൊരു വലിയ മാതൃകയാണ്. മുല്ലപ്പെരിയാർ വിഷയം വരുമ്പോൾ അവർ വെള്ളത്തിന്റെ കാര്യത്തിൽ  മുൻഗണന നൽകുകയും ഗൗരവമുള്ള ഒരു പൊളിറ്റിക്കൽ ഇഷ്യൂ ആക്കുന്നതും അതുകൊണ്ടാണ്. യഥാർത്ഥത്തിൽ അവിടെ വെള്ളമില്ല. നദികളിലെ വെള്ളം വറ്റിയാൽ അവർ വലിയ പ്രശ്നത്തിലാകും. ഗവൺമെന്റിന്റെ

ഏറ്റവും മുൻഗണനയുള്ള മേഖലയാണ് കൃഷി. കർഷകർക്ക് അർത്ഥവത്തായ സഹായങ്ങൾ നൽകുകയും പ്രശ്നങ്ങൾ അറ്റൻഡ് ചെയ്യുകയും അതേരീതിയിൽത്തന്നെ സഹായങ്ങളും നൽകുന്നു. അതുകൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട രീതിയിൽ കൃഷി ചെയ്യാനും വരുമാനമുണ്ടാക്കാനും സാധിക്കുന്നു. എന്നാൽ കേരളത്തിൽ ഈ മാതൃകയിൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. ഇവിടെ തത്വങ്ങളും കാര്യങ്ങളുമൊക്കെ പറയുന്നതല്ലാതെ നാളികേര സംഭരണത്തേക്കുറിച്ചോന്നും ആരും ഗൗരവമായി ചിന്തിക്കുന്നില്ല. റബ്ബർ കൃഷിയുടെ സ്ഥിതി മോശമാകുകയാണ്. വയലുകളുടെ കാര്യം പറയുകയും വേണ്ട. വലിയ വലിയ റോഡുകൾ വരുന്നതോടുകൂടി വയലുകൾ ഇവിടെയില്ലാതെയാകും. ഇങ്ങനെപോയാൽ കുറേ വർഷങ്ങൾക്കുശേഷം കേരളത്തിൽ കൃഷി ഉണ്ടായിരുന്നോ എന്നുചോദിക്കുന്ന ഒരു അവസ്ഥയുണ്ടാകും. കേരളം ഒരു വലിയ സിറ്റി സ്റ്റേറ്റ് ആയിമാറും. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കാർഷിക മേഖലയിൽ കേരളത്തിന് അനുയോജ്യവും ശാസ്ത്രീയവുമായ രീതിയിൽ പരിഷ്കരണം നടത്താനും ഈ വിഷയത്തിൽ നല്ലൊരു സമീപനമെടുക്കാനും ഗവൺമെന്റിന് സാധിക്കണം. ഇക്കാര്യം ചർച്ച

ചെയ്യാൻ സഭ നിർത്തിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിലെ കർഷക ജനത ഏറ്റവും പ്രയാസപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അവഗണനയും കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതിനോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുകയും അത് അംഗീകരിക്കുകയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ഗുരുതരാവസ്ഥയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ.-യും ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചത്. ഇത്തരം ഗൗരവകരമായ വിഷയത്തിൽ ഗവൺമെന്റിന്റെ പ്രയോറിറ്റി ഏതെന്നുള്ളതാണ് വിഷയം.

കേന്ദ്രഗവൺമെന്റിന്റെ അവഗണന, കാലാവസ്ഥാ വ്യതിയാനം, എന്നിവമൂലം കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ഗവൺമെന്റ് വേണ്ടത്ര പ്രയോറിറ്റി കൊടുക്കുന്നുണ്ടോ? ഇത്തരം ഗുരുതരമായ വിഷയത്തിൽ ചർച്ചക്കുവേണ്ടി സഭാ നടപടികൾ നിർത്തിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിരുന്നു. ഇതിൽനിന്നും കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് പ്രയോറിറ്റി നൽകുന്നില്ലെന്നുള്ളതാണ്. ഇവിടെ നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ കുടിശ്ശിക തീർ<u>ത്തു</u>വെന്ന് ബഹു<u>മാ</u>നപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുകയുണ്ടായി. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ ഇപ്പോഴും നെല്ല് സംഭരിച്ചതിന്റെ കുടിശ്ശിക നൽകുമെന്ന് പറയുന്നതല്ലാതെ അത് നൽകിയിട്ടില്ല. അടുത്ത കൃഷിയിറക്കേണ്ട സമയമായി, കർഷകർ പണം ലഭിക്കാത്തതിനാൽ വിഷമിക്കുകയാണ്. ഇപ്പോൾ മാർക്കറ്റിൽ റബ്ബറിന് 206/- രൂപ വിലയുണ്ട്. സർക്കാർ പറഞ്ഞിരുന്ന വിലസ്ഥിരതാ ഫണ്ട് 160/- രൂപയായിരുന്നുവെങ്കിലും പ്രഖ്യാപനം 170/- രൂപയാണ്. സർക്കാരിന് റബ്ബറിന്റെ വിഷയത്തിൽ ഒരു രൂപപോലും നൽകേണ്ട കാര്യമുണ്ടായില്ല. റബ്ബർ കർഷകർക്ക് ഇപ്പോൾ 206/- രൂപ ലഭിക്കുന്നുണ്ട്. റബ്ബർ കൃഷി സംരക്ഷിക്കാനാണെങ്കിൽ, എൽ.ഡി.എഫ്.

സർക്കാർ പ്രഖ്യാപിച്ച റബ്ബർ വില സ്ഥിരതാഫണ്ടായ 250/- രൂപ നൽകേണ്ട സമയമാണിത്. എന്നാൽ അത് ചെയ്യുന്നില്ല. കൃഷിനാശത്തിന്റെ പണം ഇതുവരെ കർഷകർക്ക് നൽകിയിട്ടില്ല, ഇതു നൽകേണ്ടതല്ലേ? ഈ പണം നൽകാനായി ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം. ഇത് രാഷ്ട്രീയത്തിന് അതീതമായ വിഷയമാണ്, കാർഷിക മേഖലയിൽ കർഷകർ അനുഭവിക്കുന്ന കടുത്ത പ്രതിസന്ധിയുടെ മുമ്പിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിക്കുന്നു. കൃഷിനാശം സംഭവിച്ചവർക്കുള്ള പണം നൽകാൻ ഗവൺമെന്റ് എത്രയുംവേഗം തയ്യാറാകണമെന്നുകൂടി ആവശ്യപ്പെടുന്നു. സഭാ നടപടികൾ നിർത്തിവച്ച് സർക്കാർ ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നാളികേര സംഭരണത്തെ സംബന്ധിച്ചും പച്ചക്കറി സംഭരണം താളം തെറ്റുന്നതും നെൽകർഷകരുടെ കുടിശ്ശികയെ സംബന്ധിച്ചുപറയുമ്പോഴും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ

കാലയളവിലുണ്ടായ കാര്യങ്ങൾ സംബന്ധിച്ചാണ് സർക്കാരിന്റെ വാദം വന്നുകൊണ്ടിരിക്കുന്നത്. 8 വർഷമായി നിങ്ങൾ അധികാരത്തിലിരിക്കുകയാണെന്നുള്ള കാര്യം പലപ്പോഴും മറന്നുപോകുകയാണ്. ഇപ്പോഴും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ 'യു.ഡി.എഫ്.-ന്റെ കാലത്ത് എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്ത് നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ മാസങ്ങളുടെ കുടിശ്ശികയൊന്നും ഒരിക്കലും ഉണ്ടായിട്ടില്ല. ഇടയ്ക്ക് കുടിശ്ശികയുണ്ടായ സന്ദർഭത്തിൽ PRS (Paddy Receipt Sheet)അടക്കമുള്ള പുതിയ സ്കീമുകൾ അന്നത്തെ ഗവൺമെന്റ് അവതരിപ്പിച്ചു. ഒരു കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മനസ്സിലാക്കേണ്ടത്, യു.ഡി.എഫ്.-ന്റെ കാലത്ത് സംഭരിച്ച നെല്ലിന്റെ വില ലഭിക്കാത്തതിന്റെ പേരിൽ ഒരു കർഷകൻ പോലും കേരളത്തിൽ ആത്മഹത്യ ചെയ്തിട്ടില്ല. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണെന്ന് ഞാൻ പറയേണ്ട ആവശ്യമുണ്ടോ? റബ്ബറിന്റെ അടിസ്ഥാനവില 250/- രൂപയായി നിർണ്ണയിക്കണമെന്നുള്ളത് എത്രയുംവേഗം നടപ്പാക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. കൃഷിനാശംമൂലമുണ്ടായ വലിയ

നഷ്ടമുണ്ടാകുമ്പോൾ വേനൽക്കാലത്ത് 375 കോടി രൂപയും അതിതീവ്ര മഴയിൽ 150 കോടി രൂപയും നഷ്ടമുണ്ടായി എന്നാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഏകദേശം 1000 കോടി രൂപയോളം നഷ്ടമുണ്ടായി എന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് പ്രത്യേക പാക്കേജ് തയ്യാറാക്കിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ. കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ഇൻഷ്വറൻസും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനികൾ മുഖേനയും കൂടാതെ ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് തുക നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇവയിലെല്ലാം 50 കോടി രൂപയിൽത്താഴെ മാത്രമുള്ള തുകയാണ് ചെലവാക്കാൻ സാധിച്ചിട്ടുള്ളത്. ഇതിലൂടെ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് സമഗ്രമായ ഒരു പാക്കേജിലൂടെ കർഷകരുടെ പ്രതിസന്ധിയെ അഡ്രസ്സ് ചെയ്യാൻ ഗവൺമെന്റിന് സാധിക്കണം. പലപ്പോഴും വിളനാശം സംഭവിക്കുന്നത് നമ്മൾ കരുതുന്നതിനേക്കാൾ കൂടുതലാണ്, വരുംവർഷങ്ങളിൽ വിളനാശം

കൂട്ടതലാകുമെന്ന് മുൻകൂട്ടിക്കണ്ടുകൊണ്ടുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാൻ സഭ നിർത്തിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഇതൊരു ഗുരുതരമായ വിഷയമാണ്. എങ്ങനെയാണ് കർഷകരെ ഈ ദുരിതത്തിൽനിന്നും രക്ഷിച്ചെടുക്കുകയെന്നുള്ളത് നമ്മൾ ഗൗരവമായി ആലോചിക്കേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ വിഷയമാണ്. കാലാവസ്ഥാ വ്യതിയാനവും സർക്കാരിന്റെ നടപടികളും കർഷകരെയാണ് ദുരിതത്തിലാക്കുന്നത്. നാളികേര കർഷകരും നെൽകർഷകരും ഇന്ന് വലിയ പ്രയാസത്തിലും ദുരിതത്തിലുമായി മുമ്പോട്ടുപോകുകയാണ്. ഈ വിഷയം ചർച്ച ചെയ്യാതെ സഭാ നടപടിക്രമങ്ങളുമായി മുമ്പോട്ടുപോകുന്നതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)